# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശ സ്വയം ഭരണ വകുപ്പ് - പെർഫോമൻസ് ഓഡിറ്റ് - പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്-വിവിധ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക നിബന്ധനകൾക്ക് വിധേയമായി ചെലവഴിക്കുന്നതിന് -അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്**

സ.ഉ. (ആർ.ടി.) നം.3325/2012/തസ്വഭവ തീയ്യതി,തിരുവനന്തപുരം, 03.12.2012

---

പരാമർശം :-1. സ.ഉ. (പി) നം. 177/2006/ഫിൻ തീയ്യതി 12.04.2006

2.പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.09.2011 ലെ ഇ/1328/2011 നം. കത്ത്

**ഉത്തരവ്**

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ നോൺ ബാങ്കിംഗ് ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് മുമ്പ് ആരംഭിച്ചതും എന്നാൽ ഇതുവരെയും ക്ലോസ് ചെയ്യാത്തതുമായ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ 44,64,516/- രൂപ നീക്കിയിരിപ്പുള്ളതായി പെർഫോമൻസ് ഓഡിറ്റിന്റെ പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ടി തുക ബ്ലോക്ക് പഞ്ചായത്തിൽ കോൺഫറൻസ് ഹാൾ നിർമ്മാണം, "നരിക്കിലാപ്പുഴ സംരക്ഷണം -പൂർത്തീകരണം" എന്നീ പ്രോജക്ടുകൾക്കുമായി ചെലവഴിക്കുവാൻ അനുവാദം നല്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതികളുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുക ചെലവാക്കാതെ വരികയോ മിച്ചം വരികയോ ചെയ്താൽ ടി തുക പ്രസ്തുത സാമ്പത്തിക വർഷം മാർച്ച് 31 നകം ട്രഷറിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഇപ്രകാരം തുക തിരിച്ചടയ്ക്കാതെ ബാങ്കിൽ തന്നെ സൂക്ഷിക്കുന്നത് പ്രസ്തുത ഉത്തരവ് പ്രകാരം നിയമ വിരുദ്ധമാണ്. ആയതിനാൽ ടി തുക ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുവാദം നല്കുവാൻ കഴിയുകയില്ല.

3. എന്നാൽ മേൽ സൂചിപ്പിച്ച നീക്കിയിരിപ്പ് തുകയിൽ 1,69,256/-രൂപ (ഒരു ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി അമ്പത്തിയാറു രൂപ മാത്രം) പന്തിരിക്കര-കോക്കാട്-വിളയാട്-കണ്ടിമുക്ക് റോഡ് പ്രവൃത്തിയ്ക്ക് നബാർഡിൽ നിന്നും റിഇംബേഴ്സ്മെന്റ് ഇനത്തിൽ ലഭിച്ചതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) ലെ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി തുക പ്രസ്തുത മേഖലയിൽ തന്നെ ചെലവഴിക്കണമെന്ന നിബന്ധനയോടെയും, മേൽ തുക കഴിച്ച് നീക്കിയിരിപ്പ് വരുന്ന തുക ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന ഇന്ദിര ആവാസ് യോജന (IAY) പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചെലവഴിക്കുന്നതിനും അനുവാദം നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.ജെ.മാത്യു
ഗവൺമെന്റ് സെക്രട്ടറി

സെക്രട്ടറി, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്, പേരാമ്പ്ര, കോഴിക്കോട് ജില്ല
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ), കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ആ വകുപ്പിന്റെ 16.10.2012 ലെ 82705/Dev.2/12/Fin നം. അനൗ.കുറിപ്പ് പ്രകാരം )
ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ